(സി) ഇവർക്ക് പ്രൊട്ടക്ഷൻ നല്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ഇ) ഇനി പ്രൊട്ടക്ഷൻ നല്കാനുള്ള എത്ര പേരുണ്ട്; ഓരോ വർഷത്തേയ്ക്കും ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) 15.7.95-ലോ അതിനുമുമ്പോ ഏഴ് വർഷത്തെ സർവീസ് പൂർത്തിയാക്കിയ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നല്കിവരുന്നു.

(ബി) 1989 മുതൽ സർവീസിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ ആനുകൂല്യം ഇപ്പോൾ ലഭ്യമല്ല.

(സി)&(ഡി) പരിശോധിച്ചു വരുന്നു.

(ഇ) നിലവിലുള്ള വ്യവസ്ഥയനുസരിച്ച് അർഹതയുള്ളവർക്കെല്ലാം പ്രൊട്ടക്ഷൻ നൽകിയിട്ടുണ്ട്.

42 (1586) അദ്ധ്യാപകരുടെ പ്രൊട്ടക്ഷൻ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എയിഡഡ് സ്കൂൾ അദ്ധ്യാപകരുടെ ജോലി സംരക്ഷിക്കുന്നതിന് ശാശ്വത പരിഹാരം കാണുന്നതിനായിട്ടുള്ള പ്രൊട്ടക്ഷൻ ഉത്തരവ് ഉടനെ പ്രഖ്യാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് എന്നത്തേക്ക് പുറപ്പെടുവിക്കും എന്ന് വ്യക്തമാക്കുമോ;

(സി) 1996-97 അദ്ധ്യയന വർഷത്തിൽ മുഴുവൻ അദ്ധ്യാപകരേയും ജോലിയിൽ നിലനിർത്തി ശമ്പളം നൽകിയ സർക്കാർ ഉത്തരവ് തുടർന്നുള്ള വർഷങ്ങളിൽ നൽകാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഡിവിഷൻ നഷ്ടപ്പെടുന്നതുമൂലം പുറത്തുപോകേണ്ടി വരുന്ന അദ്ധ്യാപകരെ സംരക്ഷിക്കുന്നതിന് അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:40 ആക്കി കുറച്ചിട്ടും 1998 നു ശേഷം ജോലിയിൽ ചേർന്നവരും വർഷങ്ങളോളം സർവ്വീസ് ഉള്ളവരുമായ അദ്ധ്യാപകർ ഡിവിഷനുകൾ നഷ്ടപ്പെടുന്നതിന്റെ ഫലമായി സർവ്വീസിൽ നിന്നും പുറത്തു പോകേണ്ടിവരുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ജില്ലതിരിച്ചുള്ള വിശദവിവരം വ്യക്തമാക്കുമോ;

(എഫ്) 1996-97 അദ്ധ്യയന വർഷത്തിൽ സർക്കാർ ഉത്തരവ് പ്രകാരം ജോലിയിൽ നിലനിർത്തുകയും പിന്നീട് ജോലിയിൽ നിന്ന് പുറത്തു പോകേണ്ടിവരുകയും ചെയ്ത അദ്ധ്യാപകരെ പ്രൊട്ടക്ട് ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) പരിശോധിച്ചു വരുന്നു.

(സി) സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) പരിശോധിച്ചു വരുന്നു.

43 (1587) അദ്ധ്യാപകരുടെ പ്രൊട്ടക്ഷൻ

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്കൂൾ അദ്ധ്യാപകരുടെ പ്രൊട്ടക്ഷൻ പുനഃസ്ഥാപിക്കുമെന്ന് സർക്കാർ എന്നാണ് ഉറപ്പു നൽകിയത്;

(ബി) ഇക്കാര്യം സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇപ്പോൾ ഏതെല്ലാം അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നൽകിവരുന്നു എന്ന് വ്യക്തമാക്കുമോ;

(ഇ) ഇക്കൊല്ലം ഇതു സംബന്ധിച്ച ഉത്തരവ് നൽകിയിട്ടുണ്ടോ;

(എഫ്) ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ)-(സി) സ്വകാര്യ സ്കൂൾ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ പരിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) 15.7.1995-നോ അതിനുമുൻപോ ഏഴു വർഷത്തെ സർവീസ് പൂർത്തിയാക്കിയ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നൽകി വരുന്നുണ്ട്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

44 (1588) അദ്ധ്യാപകനെ നിയമിക്കാൻ നടപടി

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെല്ലാം അദ്ധ്യാപകരെ നിയമിച്ചു കഴിഞ്ഞുവോ;

(ബി) എത്ര വിദ്യാലയങ്ങളിലാണ് ഇനിയും വേണ്ടത്ര അദ്ധ്യാപകരെ നിയമിച്ചിട്ടില്ലാത്തത് എന്നറിയിക്കുമോ;

(സി) കാസർഗോഡ് ജില്ലയിൽ ഇനിയും എത്ര വിദ്യാലയങ്ങളിൽ വേണ്ടത്ര അദ്ധ്യാപകരില്ലാതെ ഉണ്ട് എന്നറിയിക്കുമോ;

(ഡി) കഴിഞ്ഞ അദ്ധ്യയന വർഷം അവസാനിക്കുന്നതുവരെ കാസർഗോഡ് ജില്ലയിലെ ചില വിദ്യാലയങ്ങളിൽ അദ്ധ്യാപകരില്ലാതിരുന്ന പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അദ്ധ്യാപക നിയമനം എന്നത്തേക്ക് പൂർത്തിയാക്കും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly